കരകൗശല വികസന രംഗത്തെ പ്രവർത്തനങ്ങൾ

121 [440] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കരകൗശല വികസന രംഗത്തെ പ്രവർത്തനങ്ങളെക്കുറിച്ച് സർക്കാർ ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) കരകൗശല വികസനരംഗത്തെ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തുക കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ബന്ധപ്പെട്ട രേഖകൾ യഥാസമയം നൽകാത്തതു കാരണം ലഭിക്കേണ്ട തുക ലാപ്സായിപ്പോയി എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2002-03-ലെ വാർഷിക ബഡ്ജറ്റിൽ കരകൗശല മേഖലയെപ്പറ്റി പഠനം നടത്തുന്നതിനായി അഞ്ചു ലക്ഷം രൂപ വകകൊള്ളിക്കുകയും തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റ് (സി.എം.ഡി.) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും അതിലേക്കായി 3 ലക്ഷം രൂപ അനുവദിച്ചു നൽകുകയും ചെയ്തു. പ്രസ്തുത പഠന റിപ്പോർട്ട് സി.എം.ഡി. സമർപ്പിക്കുകയും ചെയ്തു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര സർക്കാരിൽ നിന്നും 4,49,322 രൂപ എക്സിബിഷൻ നടത്തിയ ഇനത്തിൽ ലഭിച്ചിട്ടുണ്ട്. ഈറ്റ/മുള വികസനത്തിനായി 2002-03 സാമ്പത്തിക വർഷത്തിൽ 75 ലക്ഷം രൂപ ലഭിക്കുകയുണ്ടായി.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly